# അകമേയുള്ള ശുദ്ധീകരണത്തിന്റെ പ്രാധാന്യം

സാക് പുന്നൻ

WFTW 5 മെയ് 2013

പഴയ നിയമത്തില് പുറമെയുള്ള കാര്യങ്ങള്ക്കാണ് എപ്പോഴും ഊന്നല് നല്കിയിരുന്നത്. 'അവരുടെ ഹൃദയ കാഠിന്യം നിമിത്തം' (മത്തായി 19 :8) ന്യായപ്രമാണം പുറമെയുള്ള ശുദ്ധിക്കാണ് ഊന്നല് നല്കിയിരുന്നത്. നേരെമറിച്ച് പുതിയ നിയമത്തില് ഊന്നല് ആദ്യം 'പാത്രത്തിന്റെ അകം ശുദ്ധിയാക്കുകയെന്നതിനാണ് '(മത്തായി 23:2526). യേശു ഈ വാക്യത്തില് (വാക്യം 26) പറഞ്ഞത് ഒരിക്കല് അകം ശുദ്ധിയായികഴിഞ്ഞാല് പുറം താനേ ശുദ്ധിയായികൊള്ളുമെന്നും അതിനാല് പുറം പ്രത്യേകം ശുദ്ധിയാക്കേണ്ട ആവശ്യം വരുന്നില്ലെന്നുമാണ്.

മത്തായി 5:2130 വാക്യങ്ങളില് ഇത് വ്യക്തമായി കാണാം. ഒരുവന് തന്റെ ഹൃദയത്തെ കോപത്തില്നിന്നും ശുദ്ധീകരിച്ചാല് പുറമെയുള്ള കൊലചെയ്യുക എന്ന അപകടം ഉണ്ടാവുകയില്ല. അതുപോലെ തന്നെ ദുഷിച്ച ലൈംഗീക ചിന്തകളില് നിന്നും ഹൃദയത്തെ ശുദ്ധീകരിച്ചാല് വ്യഭിചാരം ചെയ്യുകയെന്ന പുറമെയുള്ള അപകടം ഒഴിവാക്കാം. പാത്രത്തിന്റെ അകം ശുദ്ധിയാക്കുക പുറം തനിയെ ശുദ്ധിയായിക്കൊള്ളും.

സഭയിലും ഊന്നല് സിനിമ കാണുക, പുകവലിക്കുക, മദ്യപിക്കുക, ചൂതാട്ടത്തില് ഏര്പ്പെടുക, ആഭരണങ്ങള് അണിയുക എന്നിങ്ങനെ പുറമെയുള്ള കാര്യങ്ങള് ഒഴിവാക്കുന്നതിനെക്കുറിച്ചാണെങ്കില് അതൊരു പഴയനിയമസഭ മാത്രമായിരിക്കും. പുറമെയുള്ള ദൂഷ്യങ്ങളെ ഒഴിവാക്കുവാന് അവയില് കേന്ദ്രീകരിക്കുന്നതിനു പകരം അത്തരം ദൂഷ്യങ്ങള് ഉളവാക്കുന്ന മനസ്സിലെ ലൗകീക ചിന്തയെ ഒഴിവാക്കുകയാണ് വേണ്ടത്.

സ്വയം വിധിക്കാതെ അകമേയുള്ള ശുദ്ധീകരണം ഒരിക്കലും നടക്കുകയില്ല. അകമേയുള്ള ശുദ്ധീകരണത്തെക്കുറിച്ച് നിരന്തരം പ്രസംഗിക്കാതെ ഒരു സഭ പണിയുവാന് ഒരിക്കലും കഴിയുകയില്ല. 'പാപത്താല് ഹൃദയം കഠിനപ്പെടാതിരിക്കേണ്ടതിനു നാള്തോറും അന്യോന്യം പ്രബോധിപ്പിക്കുവിന്' എന്നാണ് വേദപുസ്തകം പറയുന്നത്.

മിക്ക ക്രിസ്തീയ സഭകളിലും അത്തരം പ്രസംഗത്തിനു താല്പര്യമില്ല. ഒരുപക്ഷെ വല്ലപ്പോഴും പ്രസംഗിച്ചന്നിരിക്കാം. എപ്പോഴുമില്ല എന്ന കാര്യം ഉറപ്പാണ്. അതിനാല അവര് പാത്രം പുറമേ ശുദ്ധീകരിക്കുന്ന പരീശന്മാരെയാണ് സൃഷ്ടിക്കുന്നത്. ഇവിടെ ക്രിസ്തുവിന്റെ കാന്ത വ്യത്യസ്തയായിരിക്കണം.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)